



## ജി എച് എസ് നന്ദിയോട്

# സർഗ്ഗ ജാലകം



## ഡിജിറ്റൽ മാഗസിൻ

### ലിറ്റിൽ കൈറ്റ്സ്

ജി എച് എസ് നന്ദിയോട്

പാലക്കാട്

# ചരിത്രം



1913 ൽ നന്ദിയോട് ആശ്ശീറ കുടുംബവീട്ടിൽ കുടി പള്ളിക്കൂടമായിട്ടാണ് വിദ്യാലയം ആരംഭിച്ചത് . പട്ടഞ്ചേരി,പെരുമാട്ടി പഞ്ചായത്തുകളിലെ ആദ്യ വിദ്യാലയം ..
ഓലപ്പുരയിലാണ് തുടക്കം . അന്ന് പൂഴിയിലാണ് എഴുതിയത് ..
പിന്നീട് 4ക്ലാസ്സും 4 അധ്യാപകരുമായിമാറി(എൽ.പി)..... ശേഷം യൂ.പി. യായി ഉയർത്തി .. പിന്നീട് 2011 ൽ ഹൈസ്ക്കൂൾ ..
2013ൽ നൂറിൻെറ നിറവ്..നിലവിൽ എസ്.പി.സി,ലിറ്റിൽ കൈറ്റസ്,
ജെ.അർ.സി എന്നീക്കൂട്ടായ്മകളുണ്ട്..
വായനാശാല,ശാസ്ത്രലാബ്,ഐ.ടി ലാബ്
ഒരു കോടി ചിലവഴിച്ച് നിർമിച്ച മൂന്ന് നിലകെട്ടിടം,75ലക്ഷം ചിലവഴിച്ച് നിർമിച്ച 2നിലകെട്ടിടം . ഹൈടെക്ക് ക്ലാസ്സ് മുറികൾ ..
പഠനത്തിലും കലാ കായികമേഖലയിലും ഉന്നത വിജയം നേടി ജി.എച്ച്.എസ് നന്ദിയോട് ചിറ്റൂർ ഉപജില്ലയിമികച്ച വിദ്യാലയങ്ങളിലൊന്നായി തുടരുന്നു.



# ആശംസകൾ



ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നീ മേഖലകളിൽ ലോകം വൻ കുതിച്ചു ചാട്ടത്തിനായി വെമ്പുന്ന ഈ കാലഘട്ടത്തിൽ നന്ദിയോട് സ്കൂളിലെ little kites ക്ലബ് അംഗങ്ങൾക്ക് വിവര സാങ്കേതിക മേഖലയിൽ അവരുടെതായ വ്യക്തി മുദ്രകൾ പതിപ്പിക്കാനും ഭാവിയിൽ ജീവിത വിജയം നേടാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.. നിങ്ങളുടെ മാഗസിൻ സംരഭത്തിന് എല്ലാ ആശംസകളും അറിയിക്കുന്നു


രമേഷ് പി പി

ഹെഡ്മാസ്റ്റർ

ജി എച്ച് എസ് നന്ദിയോട്

# ആശംസകൾ......



ഒരു മതേതര ജനാധിപത്യ സാമൂഹിക സ്ഥാപനമാണ് വിദ്യാലയം. ഇവിടെ നിന്നുള്ള നല്ല പാഠങ്ങളിലൂടെ കരുതലോടെ കരുത്തോടെ സമൂഹത്തിൽ ജീവിക്കുവാൻ ഓരോ കുട്ടിയും പ്രാപ്തി നേടട്ടെ. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകളെ കൈപ്പിടിയിലൊതുക്കുവാൻ, മാറുന്നലോകത്തോടൊപ്പം കുതിക്കുന്ന LITTLE KITES ന് ആശംസകൾ.....

രതീഷ് ടി വി ആർ
പി ടി എ പ്രസിഡന്റ്
ജി എച് എസ് നന്ദിയോട്.

# ആശംസകൾ



ജി എച് എസ് നന്ദിയോടിന്റെ കൊച്ചു എഴുത്തുകാരുടെ സർഗാത്മകതയുടെ ആകാശത്തേക്കുള്ള ജാലകം തുറന്നുകൊടുക്കുവാൻ ലിറ്റൽ കൈറ്റ്സ് ന കഴിഞ്ഞു ...നൂതന സാങ്കേതിക വിദ്യയുടെ വിശാലതയിൽ ചിറകുവിരിച്ചു പറക്കുന്ന ഈ കൈറ്റ് പക്ഷികൾക്ക് മാർഗമൊരുക്കുവാനുള്ള അവസരം ലഭിച്ചതിൽ ഞാൻ ഈ വേളയിൽ അഭിമാനിക്കുന്നു ഇനിയും ഉയരങ്ങളിലെത്തുവാൻ എല്ലാവിധ ആശംസകളും നേരട്ടെ സ്നേഹപൂർവ്വം

**ആഷടീച്ചർ**

**ആഷാമോൾ ബേബിരാജ്**
**കൈറ്റ് മിസ്ട്രസ്**
**ജി എച് എസ് നന്ദിയോട്**

# ആശംസകൾ




ജി എച് എസ് നന്ദിയോടിന്റെ
ലിറ്റൽ കൈറ്റ്സ് ഒരുക്കിയ
ഡിജിറ്റൽ മാഗസിൻ
സർഗ്ഗജാലകം തികച്ചും
പുതുമയുള്ള ഒരു
ലോകത്തിന്റെ പ്രതീക്ഷ
ഉണർത്തുന്നു. കുട്ടികളുടെ ഈ
സംരംഭത്തിന് പാതയൊരുക്കുവാൻ
സാധിച്ചതിൽ സന്തോഷിക്കുന്നു. എല്ലാവിധ
ആശംസകളും നേരുന്നു

അരുൺദാസ്
കൈറ്റ്മാസ്റ്റർ
ജിഎച് എസ് നന്ദിയോട്

# എഡിറ്റോറിയൽ

ഒരു പക്ഷെ ഇനിയുള്ള തലമുറയെ നിയന്ത്രിക്കുന്നത് ആർട്ടിഫിഷൽ ഇൻറ്റലിജൻസ് ആയിരിക്കും. ഈ കാലഘട്ടത്തിൽ സർഗ്ഗാത്മക സൃഷ്ടികളുടെ പ്രാധാന്യം ഏറെ വലുതാണ്. ഒരു പൂവ് വിരിയുന്നത് പോലെ ഒരു പക്ഷിയുടെ ചിറക് വിരിക്കുന്നത് പോലെ കുരുന്ന മനസ്സുകളിൽ വിരിഞ്ഞ കൊച്ചു കവിതകളും കഥകളും സ്ക്രൈബസ് എന്ന പുതിയ സോഫ്റ്റുവേറിലൂടെ മാഗസിൻ തയ്യാറാക്കുക എന്നത് ആദ്യം ശ്രമകരമായിരുന്നു . പക്ഷെ ഇപ്പോൾ ഞങ്ങളുടെ കൈറ്റ് മിസ്ട്രസായ ആശ ടീച്ചറിൻെറ സഹായത്തോടെ മാഗസിൻ വർക്ക് ഞങ്ങൾ ഏറെ ആസ്വദിച്ച് ചെയ്തു . പൊതുവിദ്യാഭ്യാസ വകുപ്പിൻെറ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ സമഗ്രമായ വികസനത്തിന് വഴിതെളിക്കുന്നു ..



# മാഗസിൻ പ്രകാശനം



**Y i p ശാസ്ത്രപഥം**

**ജി.എച്ച്.എസ് നന്ദിയോടിന്റെ അഭിമാനം സംസ്ഥാന തലത്തിൽ ഉയർത്തികൊണ്ടുവന്നത് നമ്മുടെ പ്രിയ കുട്ടികളായ അഖിൽജിത്തും അമൽദേവുമാണ് .**

**2022-23കാലയളവിൽ 6 ഗ്രൂപ്പുകളാണ് Y i p ശാസ്ത്രപഥം പ്രൊജക്ടിൽ പങ്കെടുത്തത് . അതിൽ നിന്നും സംസ്ഥാനതലത്തിൽ പങ്കെടുത്ത കുട്ടികളാണ് മേൽ പരാമർഷിച്ചിരിക്കുന്ന കുട്ടികൾ . കുട്ടികളുടെ കഴിവ് ഒരു പ്രൊജക്ടിൽനിന്ന്**

**പ്രൊഡക്റ്റിലേക്ക് ഉയർത്തികൊണ്ടുവരുന്ന ഒരു പദ്ധതിയാണ് Y i p ശാസ്ത്രപഥം.**

**ചെറിയ പ്രായത്തിൽതന്നെകുട്ടികളെ ഈ നിലയിലേക്ക് ഉയർന്ന് പാറാൻ ഈ പദ്ധതി സഹായിക്കുന്നു...**



# ദൈവം തന്നവരം

പണ്ട് ഒരു ഗ്രാമത്തിൽ ഒര കർഷകനുണ്ടായിടുന്നു അവ
ന് ഒരു ഭാര്യയും അമർ എന്നു പേരുള്ള രണ്ടു വയസ്സുള്ള
കുഞ്ഞുമുണ്ടായിരുന്നു അവർ ഒരു കുടിലിലിലായിരുന്നു താ
സ്സം കർഷകന് രണ്ടേക്കർ സ്ഥലവും ഉണ്ടായിരുന്നു
ഒരേക്കർ സ്ഥലത്ത് നെൽകൃഷിയും മറ്റൊരേക്കറിൽ പ
ച്ചക്കറി കൃഷിയുമായിരുന്നു ചെയ്യ്തിരുന്നത് അവിടെ
ഒരു ദിവസ്സം മഴയുംകൊടുംകാറ്റുംചേർന്ന് വീശിയപ്പോൾ
കർഷകൻ്റ കൃഷിനശിച്ചുഅവർക്ക് കഴിക്കാൻ ഒന്നും
ഉണ്ടായിരുന്നല്ല അന്ന് കർഷകന് ലാഭം ഒട്ടും ഉണ്ടായി
രുന്നില്ല.ഷമത്തോടെ.കർഷകൻ.തോട്ടത്തിലേക്ക്
പോയപ്പോൾ കർഷകൻ്റ വലിപ്പത്തിൽ ഒരു മത്തൻ
ഉണ്ടായിരുന്നു അവൻ പിഞ്ചിരിയോടെ അത് വീട്ടിലേ
ക്ക് കൊണ്ടു വന്നു ഭാര്യയോട് പറഞ്ഞപ്പോൾ അത് വെ
ട്ടിനോക്കാം എന്ന് ഭാര്യ പറഞ്ഞു വെട്ടിനോക്കിയപ്പോ
ൾ ഉള്ളിൽ ഒരു കുഞ്ഞ് കർഷകൻ പറഞ്ഞു ഈ കുഞ്ഞി
നെദൈവംതന്നതാണ്.പെട്ടെന്ന് ഒരു ഇല വന്ന് ആകുഞ്ഞി
ൻ്റ മൂക്കിൽ വീണ് കുഞ്ഞ് തുമ്മിയതും കുഞ്ഞിൻ്റ മൂക്കിൽ
നിന്ന് ആ മത്തൻ നിറയുന്ന അളവിന് സ്വർണ്ണം വന്നു അവർ
ഞെട്ടി ജനാലയിലൂടെ ഒരാൾ കണ്ട് അയാൾ നാട്ടുകാ
രോട് പറഞ്ഞ്അന്ന്യജീവികുഞ്ഞാണെന്ന്കരുതി നാട്ടുകാർ
ആ കുഞ്ഞിനെ കൊല്ലാൻ വന്നപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ട്
കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ നാട്ടുകാർ വെറുതെപ്പോയി
അതേസ്സമയം ആ കുഞ്ഞിൻ്റ ശക്തിയും പോയി.കർഷകൻ
പാവപ്പെട്ടവർക്ക് കാശുകൊടുത്ത് സഹായിക്കാൻ തുടങ്ങി.

by Adhwidhe

# ബാല്യകാലം



ഓർക്കുന്നു ഞാനെൻെറ
ബാല്യകാലം
ഓർക്കുന്നു ഞാനെൻെറ
ബാല്യകാലം
ഓർമകൾ മറക്കാതെ
നാട്യങ്ങളില്ലാതെ
നാമജപത്തിൻെറ ശാന്തയും
ഓർക്കുന്നു ഞാൻെറ
ബാല്യകാലം
അണ്ണാറക്കണ്ണൻെറ
കലപിലകേട്ടുഞാൻ
അവളോട് കലഹിച്ച ബാല്യകാലം
ഓർക്കുന്നു ഞാൻെറ
ബാല്യകാലം
ഓർക്കുന്നു ഞാൻെറ
ബാല്യകാലം

**അനമോൾ ആർ**

6 D

---

# കണ്ണുനീർ



**സങ്കടത്താൽ കണ്ണിൽ നിന്ന് കണ്ണുനീർ**

**ഒഴുകുന്നു.....**

**കൂട്ടുകാർ കരഞ്ഞാൽ നമ്മുടെ കണ്ണിലും**

**കണ്ണുനീര്.....**

**സന്തോഷമില്ലാത്ത കണ്ണുനീര്**
**സന്തോഷമില്ലാത്ത കണ്ണുനീര്**
**സങ്കടം വന്നാലും കുറ്റം പറഞ്ഞാലും**
**എന്നുമീ കണ്ണുനീർ മുന്നിലല്ലോ**
**സങ്കടം വന്നാലും കുറ്റം പറഞ്ഞാലും**
**എന്നുമീ കണ്ണുനീർ മുന്നിലല്ലോ**

**അനമോൾ ആർ**
**6D**

# JRC

ജെ.ആർ.സി  ജി.എച്ച്.എസ് നന്ദിയോട് യൂണിറ്റ് വളരെ
മികച്ച രീതീയിലുള്ള നല്ല പ്രവർത്തനങ്ങൾക്ക് അർഹമായ്
8 9 10 എന്നീ ക്ലാസ്സുകൾകളിൽ 30 ഓരോ യൂണിറ്റ്
കുട്ടികൾ ആണുള്ളത്
8 9 10  ക്ലാസ്സുകളിൽ A level,B level,C level എന്നി
പരീക്ഷകൾ നടത്താറുണ്ട്. ജെ.ആർ.സി കേഡറ്റുകളുടെ
അഭിമുഖ്യത്തിൽ ലഹരി വരുദ്ധ ബോധവൽക്കരണ
പരിപാടികൾ
സങ്കടിപ്പിക്കാറുണ്ട് ഈ കേഡറ്റുകൾക്ക് 1st aid ക്ലാസ്സുകൾ
നിർബന്ധമായും കൊടുത്തുവരുന്നു
സ്കൂൾ പരിസര ശുചീകരണം
പ്രവർത്തനങ്ങളെ ജെ.ആർ.സി  കേഡറ്റുകൾ നടത്താറുണ്ട്
എല്ലാ തിങ്കൾ,വ്യാഴം ദിവസങ്ങളിൽ ജെ.ആർ.സി
യൂണിഫോമാണ്
ധരിക്കാറുള്ളത് സബ്ജില്ല തലത്തിൽ നടത്തിവരുന്ന J R C
വിവിധ
പരിപാടികളിൽ  ജി.എച്ച്.എസ് നന്ദിയോട് സ്കൂളിൽ
നിന്നുള്ള



# അനിയത്തിപ്രാവും ചേട്ടത്തിപ്രാവും

ഒരു മരത്തിൽ ചേട്ടത്തിപ്രാവും അനിയത്തി പ്രാവുംതാമസിച്ചിരുന്നു.ചേട്ടത്തിപ്രാവ് നല്ല ഒരു ദുഷ്ട്ത്തിയാണ്.അനിയത്തി പാവപ്പെട്ട ഒരു പ്രാവ്.ഒരു ദിവസം രണ്ടു പേരും പയർമണി കാട്ടിൽ നിന്ന് കൊണ്ടുവന്നു. രണ്ടു പേരും വീട്ടിലേക്ക് വന്നപ്പോൾ ചേട്ടത്തി പറഞ്ഞു; ഞാൻ ഇപ്പോൾ എൻെറ കൂട്ടുകാരിയെ നോക്കാൻ പോവുകയാണ്.ഞാൻ വരുമ്പോഴേക്കും പയർമണി വച്ചിരിക്കണം.അതിൽ നിന്ന് ഒരു പയർമണിപ്പോലും നീ എടുക്കാൻ പാടില്ല.ചേട്ടത്തിപ്രാവ് വീട്ടിലേക്ക് തിരിച്ച് വന്നപ്പോൾ പയർമണി വറുത്തു വെച്ചതിൽ കുറഞ്ഞുപ്പോയിരിക്കുന്നു.അനിയത്തി പ്രാവ് പയർ മണി കഴിച്ചുവെന്ന് ചേട്ടത്തിപ്രാവ് അനിയത്തിപ്രാവിനെ കൊത്തിക്കാത്തി കൊന്നു അങ്ങനെ ചേട്ടത്തിപ്രാവ് ഒരു ദിവസം കാട്ടിൽ ചെന്ന് പയർമണി കൊണ്ടുവന്നു. വറുത്തുവെച്ച പയർമണി നോക്കിയപ്പോൾ അനിയത്തി
പ്രാവ് എങ്ങനെ വറുത്തോ അതേപ്പോലെ ഉണ്ട്. അങ്ങനെ ചേട്ടത്തി പ്രാവ് അനിയത്തി പ്രാവിനെ കൊത്തക്കാത്തി കൊന്നുവെന്ന് മനസ്സിലായി.

അക്ഷയ കെ
6.B



# ഓണക്കാലം

**ഓണം വന്നല്ലോ പൊന്നോണം**
**പൂക്കൾക്കെല്ലാം സന്തോഷം**
**പൂക്കളം നിറയും വീടുകളും**
**പൂമണം വീശും കാറ്റുകളും**
**ഊഞ്ഞാലാടും തുമ്പികളും**
**ഓടിക്കളിക്കും കിട്ടികളും**
**കിളികൾ പാടും പാട്ടുകളും**
**ആഹാ! ആഹാ! പൊന്നോണം.**


-അൻവിക 6 D





## പൂക്കാലം

തെച്ചിയും റോസും തുമ്പയും പൂവിട്ടു
ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു
പിച്ചിയും മുല്ലയും ചെമന്തിയും
പൂത്തു. പൂമണം തുക്കികുണുങ്ങി
നിന്നു ഞാനും വരട്ടെയെന്നോതി
നിശാഗന്ധി തുവെള്ള ചാർത്തി
വിടർന്നു നിന്നു.
മഞ്ഞയും നീലയും ചൂറ്റിയ കോളമ്പി
വേലിക്കരികിലായ് കാത്തു നിന്നു
പൂതേൻ കുടിച്ചു മദിച്ചു
പൂമ്പാറ്റകൾ പൂക്കാലമായെന്നു വണ്ടു
മൂളിച്ച കേട്ടു



-അൻവിക

## തിങ്കൾ



തിങ്കളേ വാ താഴോട്ട്
എന്നുടെ കൂടെ കളിക്കാൻ വാ
മാനത്തൊറ്റക്കിരിപ്പാണോ
അതോ നക്ഷത്രത്തോടുകളിപ്പാണോ
താഴോട്ട് നീ വന്നാലോ
കുമ്പിളി ചോറുതന്നീടാം
കമ്പിളി പുതപ്പും തന്നീടാം
ഓടി വാ ഓടി വാ പൂന്നിലാവേ
എന്നുടെ കൂടെ കളിക്കാൻ വാ



## മേഘം

വെള്ള നിറമുള്ള
ആകാശപഞ്ഞിമിഠായി.
എന്തു രസമാ കാണാൻ ? അർക്കനെ മറക്കും ,
കറുത്താൽ കരയും , ദൈവത്തിൻ സ്വന്തം വീട്,
മലയുടെ മുന്നിൽ തോറ്റ് പോകും.
എന്നാലും ആരാകും ഈ പഞ്ഞിമിഠായി
ഉണ്ടാക്കുക???

## അവസാനശ്വാസം

ജീവിച്ചുകൊണ്ട് ഞാൻ എഴുതുകയാണ്
ജീവിക്കാൻ കഴിയാത്തവരുടെ വാക്കുകൾ
വരച്ചീടുകയാണ് ഞാനെന്ന രണ്ടക്ഷരത്തെ
പേനയിലെ മഷി തീരും വരെ വിളക്കിലെ
വെളിച്ചം തീരും വരെ വിളക്കിലെ വെളിച്ചം
അണയും വരെ എൻെറ ശ്വാസം നിലക്കും
വരെ എഴുതും ഞാൻ പോരാടും ....
എന്ന് അവസാന തുള്ളി മഷി......

മീര . കെ

## അവധിക്കാറ്റ്

അവധിക്കാറ്റേ .....അവധിക്കാറ്റേ

അവധിക്കാറ്റേ പോരുന്നോ
എന്നോടൊപ്പം.....
അവധിക്കാറ്റേ പോരുന്നോ
എന്നോടൊപ്പം.....
അവധിക്കാറ്റേ വായോ അവധിക്കാലം
വന്നേ.....
അവധിക്കാലം വന്നേ അവധിക്കാറ്റേ
വായോ.....
അവധിക്കാറ്റേ പാടാൻവാ ആടാനും
വാ....
ഞങ്ങളും പോരാം നിന്നുടെ കൂടെ
കളിയാടുവാൻ....
കളിയും ചിരിയും കൂടി
ഉല്ലസിക്കാം....
അവധിക്കാറ്റേ.... അവധിക്കാറ്റേ.....





-അനുമോൾ



# പുഷ്പ് വാടി









**പ**ലവർണ്ണമണിമുത്ത്  കോർത്തപോൽ
നിരന്ന്നിൽപ്പതുണ്ട് കാശിതുമ്പയും,
ചെമ്പകവും,ചെമ്പനീരും.
ഷഡ്പദമാലകൾ പീയൂഷദ്രവ്യത്തെ
ആസ്വധിച്ചീടുന്നു മന്ദം മന്ദം.
കേകീനിരകളോ പാടാതിരുന്നങ്ങ്
കേമമാം ശോണിമ പുഷ്പങ്ങളെ
കണ്ടു നിൽക്കുന്നു.
പ്രഥനിച്ചു  നിൽക്കുന്ന തുമ്പയെ
മാരുതൻ പ്രേമത്താൽ തഴുകി
മാഞ്ഞു. ചെന്നിറത്തിൽ നീരാടി
ചെന്നിറപൊട്ടും ചൂടി കൂട്ടമായുണ്ട്
 തെച്ചിപ്പൂക്കൾ. സൂര്യനെ ദർശിച്ച്
സ്ഥുരിക്കുന്നു സൂര്യഗാന്ധി.
തണ്ണീരിൽ അഴക് കൊണ്ടാറാടികൊണ്ടിരിപ്പുണ്ട്
അർക്കൻതൻ കാമിനി പത്മം.
കനകശോഭയിൽ പുളകിച്ച് നിൽക്കുന്നുണ്ടേ
ഒരമ്പലകോളാമ്പി.
എന്തു ഭംഗിയാണി വിഭൂതി തുളുമ്പും
വാർമെത്തുമാരാമത്തെ കാണാൻ....

-അതുൽ കൃഷ്ണ പി

# പുള്ളി പശു


പാടത്ത് മേയും പുള്ളി പശു.
രണ്ട് കൊമ്പുണ്ട് നാല് കാലുണ്ട്
ഒര് വാലുണ്ട് രണ്ട് കാതുണ്ട്
കറുപ്പും വെള്ളേം നിറമാണ്
കൊക്കിൻ ചങ്ങാതി , എനിക്ക് പാലുതരും
എൻ സ്വന്തം കിങ്ങിണി പുള്ളി പശുവിന്....

– ദയാൽ



# തേനീച്ചയും പൂവും

വണ്ട് പണ്ട് ഒരു കാട്ടിൽ ഒരു തേനീച്ചയും പൂവും ഉണ്ടായിരുന്നു . അങ്ങനെയിരിക്കെ ഒരു ദിവസം തേനീച്ചക്ക് നന്നായി വിഷന്നു . അപ്പോൾ അവിടെ ഒരു പൂവേ ഉണ്ടായിരുന്നുള്ളൂ. തേനീച്ച അതിനരികിലേക്ക് ചെന്നു, എന്നിട്ട് തേനിനായി അനുവാദം ചോദിച്ചു . പൂവ് അഹങ്കാരത്തോടെ തേനീച്ചയെ അവഗണച്ചു . എന്നാലും തേനീച്ച യാജിച്ചു , കരഞ്ഞു . ആ കണ്ണീർത്തുള്ളി ഒരു അഗ്നിഗോളമായിമാറി പൂവിൻെറ മിഖത്തേക്ക് വീണു. അഹങ്കാരം അലിഞ്ഞില്ലാതെയായി,തേൻ ചൊരിഞ്ഞു . പൂവ് തേനീച്ചയുടെ വിഷപ്പകറ്റി.തേനീച്ച പൂവിനെ പരാഗണത്തിന് സഹായിച്ചു.



- അശ്വതി സതീഷ് കുമാർ(4B)

# മുതലയും ഉപ്പുകാരനും




പണ്ട് പണ്ട് ഒരു ഗ്രമത്തിൽ ഉപ്പുവിൽക്കുന്ന ഒരൾ ജിവിച്ചിരുന്നു. അയാൾ എപ്പോഴും ഉപ്പ് വിൽക്കുമായിരുന്നു അതിൽ നിന്നാണ് അയാൾക്ക് ഒരു ദിവസം പോലും കഴിയാനുള്ള പണമുണ്ടയിരുന്നില്ല. അങ്ങനെ ഇരിക്കെ ഒരു ദിവസം ആയാൾ ഉപ്പ് വിറ്റ് കഴിഞ്ഞ് തിരികെ വിട്ടിലെക്ക് വരുമ്പോൾ ഒരു കരച്ചിൽ കേട്ടു. അയൾ ആ ശബ്ദം കേട്ടദിശയിലെക്ക് പേയി അവിടെ ഒരു ചാക്കിൽ ഉണ്ടായിരുന്നു. അയാൾ ആ ചാക്ക് തുറന്നു അതിൽ നിന്ന് ഒരു മുതല പുറത്തുവന്നു. ആ മുതല പറഞ്ഞു എനിക്ക് നല്ല വിശപ്പുണ്ട് നിന്നെ തിന്നണം എന്ന് രണ്ടു പേരും നല്ല തർക്കമായിരുന്നു. ആ തർക്കതിനിടയിൽ അതു വഴി ഒരു പമ്പ് വരുന്നുണ്ടയിരുന്നു. അയാൾ പറഞ്ഞു നമ്മുക്ക് ആ പാമ്പിനോട് ചേദിക്കാം എന്ന് അങ്ങനെ രണ്ട്പേരും പാമ്പിനോട് ചേദിച്ചു. പാമ്പ് പറഞ്ഞു. നീ ഈ ചാക്കിൽ എങ്ങനെ ആ മുതല പിന്നെയും ആ ചാക്കിൽ കയറി കിടന്നു. അപ്പോൾ ആ ഉപ്പുകാരൻ ആ ചാക്ക് കുട്ടി കെട്ടി ഇനി നീ ജിവിതകാലം മുഴുവനും ഈ ചാക്കിൽ കിടന്നോ...... അങ്ങനെ ആ ഉപ്പുകാരൻ രക്ഷപ്പെട്ടു. പിന്നിട്ടുള്ളകാലം മുഴുവനും അയാൾ ആ ഉപ്പുവിറ്റു സന്തേഷത്തോടെ ജിവിച്ചു.

**ശ്രീഷ**

# സദ്യ

ഇലയിൽ വിളമ്പിയ അച്ചാറ്
തൊട്ടുകഴിച്ചു നല്ല രുചി
ഇലയിൽ വിളമ്പിയ അവിൽ
എടുത്തു കഴിച്ചു നല്ല രുചി
ഇലയിൽ വിളമ്പിയ കൂട്ടുക്ക
ഇലയിൽ വിളമ്പിയ പപ്പടം
കറുമുറ കറുമുറ നല്ല രുചി
സദ്യ സദ്യ നല്ല സദ്യ
സദ്യ സദ്യ പൊടി പൂരം



-അൻവിക 6 D

## <u>വേനൽക്കാലം</u>

വേനൽക്കാലം വന്നെത്തി
തേന്മാറും മാമ്പഴം വന്നെത്തി
മുല്ലപ്പൂക്കൾ വന്നെത്തി
കണികാണാൻ വിഷുവും വന്നെത്തി
അവധിക്കാലം വന്നെത്തി
കൂട്ടരുമൊത്തു കളിക്കാലോ
ആലിൻചോട്ടിലിരിക്കാലോ
ആനന്ദത്തോടെ കളിക്കാലോ
ആടിപാടി രസിക്കാലോ



-അൻവിക 6D

## മഴവിൽ


വെയിലത്തോ മഴയത്തോ കാണില്ല
മഴതോർന്നാൽ തെളിഞ്ഞു കാണും
ഏഴു വർണ്ണങ്ങളിൽ തിളങ്ങിനിൽക്കും
പിള്ളകൾ എന്നെ കാണാൻ കൊതിച്ച്
നിൽക്കും ..
പറയൂ പറയൂ ഞാനാരാണ്

- ദയാൽ



## ഒരു പക്ഷി

ഒരു ദിവസം അമ്മുവും അച്ഛനും കൂടി കാട്ടിലേക്ക് ഒരു യാത്ര പോയി . അവർ എല്ലാ മരങ്ങളും ചെടികളും നിരീക്ഷിച്ച് പോവുകയായിരുന്നു , അപ്പോൾ ഒരു മരച്ചുവട്ടിൽ ഒരു കുഞ്ഞു പ്രാവ് മുറിവേറ്റ് കിടക്കുന്നു. അതിനെകണ്ടനിമിഷം തന്നെ അവർ പ്രാവിനെ കോരിയെടുത്ത് വീട്ടിൽ കൊണ്ടുപോയി മരുന്ന് വെച്ചു കൊടിത്തു .. രണ്ട് ദിവസം കഴിഞ്ഞപ്പോൾ മുറിവ് ഭേദമായി , അമ്മുവിന് സന്തോഷമായി . അത് വിണ്ണിലേക്ക് പറന്നു ചെന്നു , അമ്മുവിന് വിഷമമായി.. അപ്പോൾ അച്ഛൻ പറഞ്ഞു സാരമില്ല മോളെ അത് അതിൻെറ അമ്മയെ പോയതാണ്,നിനിക്ക് നിൻെറ അമ്മയെ കഴിയില്ല  അതിപോലെയാണ് പ്രാവിനും.....



– നിഹാരിക(6c)

# കൗൺസിലിങ്

ഐശ്വര്യ
കൗൺസിലർ
ജി എച് എസ് നന്ദിയോട

കൗൺസലിങ്- ഈ വാക്കു കേൾക്കുമ്പോൾ തന്നെ ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും സുഖമുള്ള കാറ്റ് മനസ്സിൽ വന്നു തൊടും. വ്യക്തിപരവും സാമൂഹികപരവുമായ കാര്യങ്ങൾ കൊണ്ട് മനസ്സ് കലുഷിതമായി, പിടിവിട്ടുപോകുമെന്നു തോന്നുന്ന ഘട്ടത്തിൽ കൈത്താങ്ങായി കൗൺസലിങ് എത്താറുണ്ട്. മരണത്തിന്റെ വക്കോളമെത്തിയ വ്യക്തികൾ, പിരിയാൻ തുടങ്ങുന്ന ദാമ്പത്യങ്ങൾ, വീട്ടുകാരുടെയും നാട്ടുകാരുടെയും മുന്നിൽ പരാജയമെന്നു മുദ്രകുത്തപ്പെട്ടവർ.. അങ്ങനെ എത്ര ജീവിതങ്ങൾ കൗൺസലിങ്ങിലൂടെ ആശ്വാസത്തിന്റെയും വിജയത്തിന്റെ മറുകരയിൽ എത്തിയിട്ടുണ്ട്.

വലിയ സമ്മർദ്ദങ്ങളുടെ ലോകത്താണ് മുതിർന്നവരും കുട്ടികളും. മത്സരങ്ങളുടെയും പരീക്ഷകളുടെയും സമ്മർദ്ദം താങ്ങാൻ കുട്ടികൾക്ക് വളരെ പ്രയാസം ആയിരിക്കും. അതിനാൽ സ്കൂൾ കൗൺസിലിംഗിന്റെ പ്രാധാന്യം വളരെ വർദ്ധിച്ചിരിക്കുകയാണ്. വിദ്യാർത്ഥികളുടെ സമഗ്ര മേഖലകളിലുമുള്ള വളർച്ചയും വിജയവുമാണ് സ്കൂൾ കൗൺസിലിംഗ് കൊണ്ട് ലക്ഷ്യമിടുന്നത്.

- ഏതു സാഹചര്യത്തെയും നേരിടാനും ഉൾക്കൊള്ളാനും കുട്ടികളെ പ്രാപ്തമാക്കുക.

- കുട്ടികളിലെ മാനസിക ശാരീരിക സാമൂഹക പഠന വൈകല്യങ്ങൾ കണ്ടെത്തുക, പരിഹരിക്കുക.

- കുട്ടികളിലെ പ്രശ്ന പരിഹാരശേഷി രൂപപ്പെടുത്തിയെടുക്കുക.

- സ്വഭാവ രൂപീകരണം അനാവശ്യ കാര്യങ്ങൾ തിരസ്ക്കരിക്കാനുള്ള ധൈര്യം പകർന്നു കൊടുക്കൽ.

- പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം കണ്ടെത്താനാവുന്ന ശേഷി വർദ്ധിപ്പിക്കുക.

- സഹപാഠികളും ഇടപ്പെടുന്ന



# S P C

എസ് . പി . സി ജി എച്ച് എസ് യൂണിറ്റ് വളരെ മികച്ച രീതിയിൽ ഉള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുന്നു.

ആദ്യ ബാച്ചിന്റെ പാസിങ് ഔട്ട് പരേഡ് ബഹു : വൈദ്യുതിമന്ത്രി കെ . കൃഷ്ണൻകുട്ടി (അവർകൾ) സല്യൂട്ട് സ്വീകരിച്ചു.ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ Challange to challangers പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ വിവിധ ദിനാചരണങ്ങൾ എന്നീ എസ് . പി . സി - യുടെ അഭിമുഖ്യത്തിൽ നടത്തിവരുന്നു.


- S P C





# "കൊറോണ വൈറസും അതിൻെറ ഭീകരതയും"

ശ്വാസകോശ രോഗം ഉണ്ടാക്കുന്ന വൈറസുകളുടെ ഒരു ഗ്രൂപ്പിനെ കൊറോണ വൈറസ് എന്നാണ് വിളിക്കുന്നത്. ലാറ്റിൻ പദത്തിൽ നിന്നുണ്ടായതാണ് 'കൊറോണ' എന്ന പേര്.



2003-ൽ ഗുരുതരമായ പ്രശ്നം ഉണ്ടാക്കിയ സർസ് രോഗം പരത്തിയ കൊറോണ വൈറസുകളായി ജനിതക ഘടനയിൽ സാമ്യമുള്ളത് കൊണ്ടാണ് സർസ് കോവിഡ്-2 എന്ന പേര് ഇതിന് നൽകിയത്. വളരെ പെട്ടന്ന് തന്നെ ഈ രോഗം ഒട്ടുമിക്ക രാജ്യങ്ങളിലേക്കും എത്തിയിരിക്കുന്നു. 14 ദിവസമാണ് ക്യാൻെറയിൻ കാലയളവ്. മരുന്നുൽപ്പാദകരായ ഫൈസറും, ജർമ്മൻ സംരംഭമായ ബയോൺടെക്കും ചേർന്ന് വികസിപ്പിച്ച വാക്സിൻ 95% ഫലപ്രദവും ഏതു പ്രായകാർക്കും ഉപയോഗിക്കാം എന്ന തോതിൽ നിർമ്മിച്ചു. ഇന്ത്യയിൽ കൊറോണ വാക്സിൻെറ ഉൽപദനം ഭാരത് ബയോടെക്കുമായി ചേർന്ന് സിറം ഇൻസിട്യൂട്ടാണ് നിർവ്വഹിച്ചത്.

-അനഘ

# സുന്ദരമായ കേരളം

കേരളം എന്തൊരു ഭംഗിയാണ്.നമ്മുടെ സുന്ദരമായ പച്ച നിറഞ്ഞ നാടാണ് കേരളം. 14 ജില്ലകല്ൾ 44 നദികൾ എന്നിവ ഉണ്ട്. പച്ചപ്പ് നിറഞ്ഞ് പൂക്കളും എന്നീ പല പല കാഴ്ചകൾ കാണാം. പച്ച വിരിച്ച തെങ്ങിൻ മരങ്ങളാൽ നിറഞ്ഞ്താണ് . പുഴയും തോടും അങ്ങനെ നിരനിരയായി നിൽക്കുന്ന മലകളും അതിലൂടെ കുതിച്ചുപായുന്ന ആ വെള്ളച്ചാട്ടം ആ കാഴ്ച കാണാൻ അതി മനോഹരമാണ്. പച്ച വിരിച്ച പാടം നെൽമണികളാൽ നിറഞ്ഞ് നിൽക്കുന്നു. കേരളത്തെ കുറിച്ച് വർണികവാക്കുകൾ കൊണ്ട് കഴിയില്ല .



# കള്ളൻ

**ബിന്ദുവിൻെറ കടയുടെ പരിസരത്ത് കള്ളനെ കണ്ടു!!!**

**ഈ വാർത്ത നാട്ടുമൊത്തം പരന്നു .. 7മണിക്കാണ് കള്ളൻ ഇറങ്ങുന്നത്..... 7മണി ബസ്സിന് വരുന്നവരുടെ കാര്യം!! ഏഴ് മണിയാകുമ്പോഴേക്കും എല്ലാവരും കതകടക്കും... അങ്ങനെയിരിക്കെ ഒരു നാൾ എല്ലാവരും ചേർന്ന് കള്ളനെ പിടിക്കാൻ തീരുമാനിച്ചു ... വൈകുന്നേരം അതിസാഹസികമായി കള്ളനെ പിടികൂടി ....തലയിലെ കെട്ടഴിച്ചു.. അതാനാട്ടുവാസി തന്നെയായിരുന്നു,പാവം അയാൾ തൻെറ പേരകുട്ടിയെ ബസ്സിറക്കാനായാണ് വന്നത്.. കള്ളനെന്ന് മുദ്രകുത്തുമോ എന്ന് ഭയന്നാണ് പറയാതിരുന്നത്...**



**- അതുൽ കൃഷ്ണ**

## മഴ പെയ്യുമ്പോൾ

മേഘക്കൂട്ടത്തിൻ ഇടയിലൂടെ
ആരോ തുള്ളി മഴ പെഴിച്ചു
മാമരവും താഴ്വരയും ആടിയുലഞ്ഞ്
പൂപൊഴിച്ചു തോരാമഴതൻ ചിലങ്കകളാടി
ഉണ്ണിതമ്പ്രാൻമാർ തുള്ളിച്ചാടി എല്ലാന്നാളും
ഉണ്ണിക്കുട്ടൻ മിഴിന്നനച്ചു ..........
സങ്കടവും , സന്തോഷവും ഒന്നായ് പെയ്തു
ഉണ്ണിമഴയും നീരണിഞ്ഞു...

– രശ്മി

# തോണി

ഒരു രാത്രി ഒരു അടർന്ന കാട്ടിൽ ഒരു മനുഷ്യൻ ആ കാട്ടിൽ നടക്കുകയായിരുന്നു. ആയാൾ നടക്കുമ്പോൾ ഒരു പ്രേതം പോലെയുള്ള മനുഷ്യൻ അയാളെ പിൻ തുടർന്നു

അയാൾ പെട്ടന്ന് തിരിഞ്ഞ് നോക്കിയപ്പോൾ ആരും ഉണ്ടായിരുന്നില്ല പിന്നെയും

ആയാൾ നടന്നു തുടങ്ങി പിന്നെയും ആ പ്രേതം പോലെയുള്ള മനുഷ്യൻ അയാളെ

പിൻ തുടർന്നു.ആ പ്രേതം  പോലെയുള്ള മനുഷ്യൻ ആ മനുഷ്യനെ ആക്രമിക്കാൻ

അടുത്ത് വന്നു ആ  മനുഷ്യൻ പെട്ടന്ന് വേഗത്തിൽ ഓടി അപ്പോൾ ഒരു നദിയുടെ

അടുത്ത് എത്തി ഒരു തോണിയുണ്ടായിരുന്നു പെട്ടന്ന് അയാൾ തോണിയിൽ

കേറിയിരുന്നു ആ പ്രേതം അയാളെ പിൻ തുടരുന്നത് നിന്നു ആ തോണി അയാളെ

രക്ഷിച്ചു

കൃഷ്ണ രാജ് 7D



## സ്നേഹമുള്ള വീട്

അമ്മ തരും സ്നേഹം
അച്ഛൻ തരും സ്നേഹം
ചേച്ചി തരും പഠന സ്നേഹം
ചേട്ടൻ തരും പഠന സ്നേഹം
മുത്തശ്ശൻ തരും സ്നേഹം
മുത്തശ്ശി തരും സ്നേഹ നാമം
എന്നുമെൻ വീടൊരു സ്നേഹ
മിഠായി സ്നേഹ
മിഠായി
-

-അൻവിക

## നിറത്തുളികൾ

ഓണം വന്നേ ഓണം വന്നേ
ഓണക്കളികൾ കളിക്കേണം
ഓണം വന്നേ ഓണം വന്നേ
ഓരോ തൊടിയും പൂക്കുന്നേ
ഓണപ്പൂക്കൾ പറിക്കേണം
ഓണപ്പൂക്കൾ പറിച്ചാലോ
ഓണപ്പൂക്കളം തീർക്കാലോ
ഓണപ്പൂക്കളം ഇട്ടാലോ
ഓണത്തപ്പൻ വരുമല്ലോ
ഓണത്തപ്പൻ വന്നല്ലോ
ഓണസദ്യ കഴിക്കാലോ




ഓണസദ്യ കഴിച്ചാലോ
ഓണപാട്ടുകൾ പാടാലോ

- 6 D

# പൂമ്പാറ്റ

പൂമ്പാറ്റേ നീ വന്ന് തേൻ കുടിക്കുമോ ?
നീ എവിടെനാണ് തേൻ
കുടിക്കുന്നത് ?



ഞാൻ പൂക്കളിൽ നിന്നാണ് തേൻ
കുടിക്കുന്നത്.
ഞാൻ ഓടില്ലാ ,ചാടില്ല, പക്ഷേ ഞാൻ
പറനിട്ടാണ്
തേൻ കുടിക്കുന്നത്. ഞാനും എൻെറ
കൂട്ടുകാരും
ചേർന്നാണ് തേൻ കുടിക്കാൻ പോകാർ
ഉള്ളത്
എൻെറ വീട്ടിൽ ഒത്തിരി പൂക്കളുണ്ട്
ഞങ്ങൾ പൂമ്പാറ്റകൾ എറേ നിറങ്ങൾ ഉണ്ട്
ചുവപ്പ്,പച്ച,മഞ്ഞ,കറുപ്പ്,വെള്ള അങ്ങനെ എറേ

-അൻവിക

# ഭയപ്പെടുത്തുന്ന കാട്

പണ്ട് പണ്ട് ഒരു കാലത്ത് ഒരു വയസായഅമ്മൂമ ഉണ്ടായിരുന്നു. ആ അമ്മൂമയ്ക്ക്
മക്കളോ ഭന്തുക്കാരോ ആരുമില്ല അപ്പോൾ ആ അമ്മൂമ ഒരു ഗ്രാമത്തിൽ
ദിക്ഷയെടുക്കാൻ പോയി അവിടത്ത ആൾക്കാർ ആ അമ്മൂമയ്ക്ക്  കഴിക്കാൻ ഒന്നും
കൊടുത്തില്ല എല്ലാവരും ആ അമ്മൂമയെ എറക്കി പിടുകയായിരുന്നു അതുകാരണം ആ
അമ്മൂമയ്ക്ക് എന്ത് ചെയണം
എന്ന് അറിയാതെ നടന്നു അങ്ങനെ അങ്ങനെ ഒരു കാട്ടിൽ  എത്തി അപ്പോൾ ആ
അമ്മൂമയ്ക്ക്  നന്നായി
വിശന്നു. സങ്കടവും വന്നു അങ്ങനെസങ്കടം ക്കൂടുകയും വിശപ്പും ക്കൂടുകയുംപിന്നെ മരിച്ചു .
അപ്പോൾ അവിടത്തെ ആൾക്കാർ അതിൽക്കൂടി പോകുമ്പോൾ അവിടെ ആ അമ്മൂമ
മരിച്ചു കിടക്കുന്നത് അവര് ആ അമ്മൂമയെ അവിടെ തന്നെ
കുഴിച്ചിട്ടു കുഴിച്ചിടുമ്പോൾ ആ അമ്മൂമയ്ക്ക് കുറച്ചു ജീവൻ
ഉണ്ടായിരുന്നു പക്ഷേ അവർ ആ അമ്മൂമയേ ആശുപത്രയിൽ
കൊണ്ടു പോയില്ല അവിടെ തന്നെ കുഴിച്ചിട്ടു അങ്ങനെ കുറച്ചു മാസങ്ങൾക്കു ശേഷം
ആ അമ്മൂമ പ്രേതമായി വന്നു ജീവിച്ചിരിക്കുമ്പോൾ ഉപത്രവിച്ച  അവിരിവെ പ്രതികാരം
തീർക്കാനാണ് വന്നത് അങ്ങനെ ആ പ്രേതം വേറ ഒരു രൂപമെടുത്ത് അവിരിൻെറ
ഗ്രാമത്തിൽ പോയി ആദ്യം
ഒരു ചെറിയ വീട്ടിൽ പോയി ആ വീട്ടിത്തെ ആൾക്കാരും ആ
അമ്മൂമയേ ഉപത്രവിച്ചിട്ടുണ്ട് അങ്ങനെ വീട്ടിലെത്തി ഒരു
സ്വാമിജിൻെറ പേശത്തിലായിരുന്നു പോയതും ടോറിൽ മുട്ടി വിളിച്ചു അവർ വാതിൽ
തുറന്നു വന്നു അപ്പോൾ ആ വീട്ടിത്തെ ആൾക്കാർ ചോദിച്ചു നിങ്ങൾ ആരാണ് അയാൾ
പറഞ്ഞു ഞാൻ സ്വാമിജി ആണെന്ന് നിങ്ങൾ എന്തിനാണ് വന്നത് എന്ന് അവർ ചോദിച്ചു
നിങ്ങളിടെ വീട്ടിൽ അനർത്ഥം സംമ്പവിക്കാൻപോകുന്നു എന്ന് പറഞ്ഞു എന്ത്
അനർത്തമാണ്  സംമ്പവിക്കാൻപോകുന്നത് നിങ്ങൾ കുറച്ചു മാസങ്ങൾക്കു  മുൻമ്പ് ഒരു
ദിക്ഷയെടുക്കാൻ വന്ന സ്ത്രീയെ  ഉപത്രവിച്ച് വിട്ടില്ലേ ആ സ്ത്രീ  നിങ്ങളെ കൊല്ലാൻ
വേണ്ടി അലഞ്ഞു നടക്കുകയാണ് സ്വാമിജി ഇതിന്ന് രിക്ഷപെടാൻ എന്താണ് വഴി
നിങ്ങൾ ആ വയസായ അമ്മൂമ മരിച്ച കാട്ടിൽ പോകണം പോയിട്ട്  ഒരു ദിവസം
കഴിയണം നിങ്ങൾ പറഞ്ഞ പോലെ ആകട്ടേ സ്വാമജി
അങ്ങനെ കാട്ടിൽ വന്നപ്പോൾ ഇരുട്ടായി ഇവിടെ തപസിരിക്കാം അപ്പോൾ നല്ല കാറ്റ്
ചെനായുകൾ


ഓളിയിട്ടുന്നു ഒരാൾ ഒറ്റയ്ക്ക് അവിടെ നടന്നു വരുന്നു
പേടിപ്പിക്കുന കണ്ണ് കാലുകൾ തിരിഞ്ഞിരിക്കുന്നു
കയിൽ നഖം നീണ്ടിരിക്കുന്നു പല്ല് രണ്ടും വലു-
തായിരിക്കുന്നു മുടി നല്ല നീളം ഉണ്ട് ആ പ്രേതം
അയാളെ കൊന്നു. രാവിലെ എല്ലാവരും ഇത്
അറിഞ്ഞു അത് കാരണം പ്രേതങ്ങളെ ഓടിക്കുന്ന
ഒരു പൂജാരിയെ വിളിച്ചു വരുത്തി എന്നിട്ട് രക്ഷപ്പെടാൻ
എന്താണ് വഴി എന്ന് ചോദിച്ചു അപ്പോൾ
പൂജാരി
പറഞ്ഞു ആ വയസ്സായ സ്ത്രീയുടെ ശരീരം
കൊണ്ടു
വരണം കൊണ്ടു വന്നിട്ട് ഈ കളത്തിൽ
വയ്ക്കണം
അങ്ങനെ അവർ ആ ശരീരം  കൊണ്ടു
വന്നു എന്നിട്ട്
കളത്തിൽ വച്ചു അപ്പോൾ ആ പ്രേതം ശരീരത്തിൽ
കേറി രക്ഷപെടാൻ നോക്കി കാരണം ആ അമ്മുമയുടെ
ശരീരം നശിച്ചുപോയാൽ പിനെ ആ പ്രേതം ഇല്ലാണ്ടാകും
അപ്പോൾ ആ അമ്മുമ നടന്ന  കാര്യങ്ങളൊക്കെ
പറഞ്ഞു പക്ഷേ സ്വാമിജി വന്ന ജോലി പൂർത്തിയാക്കാൻ
വേണ്ടി ആ  ശരീരത്തെ നശിപ്പിച്ചു പ്രേതം ഇല്ലാതായി




–അരുൺജിത്ത് 7D

# രക്തം കുടിക്കുന്ന
# മനുഷ്യൻ

ഒരു നാട്ടിൽ നല്ല ശാന്തത ഉണ്ടായുരുന്നു ആ നാട്ടിൽ കാറെ കാലം കഴിഞ്ഞു പോയി
ആ നാട്ടിൽ വലിയ കെട്ടിടവും വലിയ വാടും പണകാരും ഉണ്ടായുരുന്നു പിന്നെ ഒരു ലാബും  ഉണ്ടായുരുന്നു ലാബിൽ ഒരു ശാസ്ത്രജ്ഞൻ ഉണ്ടായുരുന്നു   അയാളുടെ പേര് രാമൻ ക്രിഷണ എന്നായാരുന്നു അയാൾ ഒരു അപതത്തിൽ രണ്ട് രാസവസ്തനെ കലക്കി അതുകൊണ്ട് ഒരു പച്ച പുക വന്നു അത് അയാളുടെ മുഗത്തിൽ തന്നെ വന്നു  അയാൾ പെട്ടന്ന് മയങ്ങി വീണു അയാൾ പെട്ടന്ന് എഴുനേറ്റു അയാളുടെ കണ്ണുകൾ മുഴുവനും വെള്ള നിറത്തിൽ ആയി. അയാൾ ആ നാട്ടിൽ പോയി ഒരു മനുഷ്യൻ അയാളുടെ മുൻമ്പിൽ പോയി അപ്പോൾ അയാൾ ആ മനുഷ്യനെ പെട്ടന്ന് അയാളുടെ കഴുത്തിൽ കടിച്ചു അയാളുടെ കഴുത്തിൽ നിന്ന് നനായി രക്തം വരാൻ തുടങ്ങി ആ മനുഷ്യനും അയാളെ പോലെ ആയി താടങ്ങി. ആ രണ്ട് പേരും സോംമ്പികൾ ആയി അങ്ങനെ ആ നാട് നഷിച്ചു പോയി ഇത് കാരണം ഈ ലോകം മുഴവനും സോംമ്പികളുടെ കൂട്ടം വന്നു എങ്ങനെ ഉണ്ടായിരുന്ന നാട് ഇങ്ങനെ ആയി



-ക്രിഷ്ണ രാജ് 7D

# നാട്ടിലെ പിശാശ്

ഒരു നാട്ടിൽ വൈകുനേരം ആർ മണിക്ക്. .........
അയാളുടെ പേര് ജോണി. ജോണിക്ക് ഒരു ചേട്ടൻ ഉണ്ട് അയാളുടെ പേര് ജോൺ. ജോണി മണിയടിച്ചു വരുമ്പോൾ ജോൺ അവിടത്തെ വലിയ ട്ടവറിൽ ഒരു വലിയ തോക്കും കൊണ്ട് പോകും. എനിട്ട് ഒരു പിശാശ് വരാൻ വേണ്ടി കാത്തിരിക്കും ആ പിശാശ് വരുന്നു എന്ന ആ സൂചനയാണ് ജോണിമണിയടിക്കുന്നത്. ആ പിശാശിനെകൊല്ലാനാണ് ജോൺ തോകുംകൊണ്ട് ട്ടവറിൽ കയറുന്നത് എല്ലാവരും വീട്ടിൽ കയറി വാതിലുകൾ ജനാലുകളും അടച്ചു പക്ഷേ ഒരു വീട്ടിൽ മാത്രം ജനൽ അടച്ചില്ല ആ പിശാശ് ആ വീട്ടിൽ ഉള്ളവരെ കഴിച്ചു അവിടെ നിന്ന് പോകാൻ നിൽക്കുമ്പോഴേക്കും ജോൺ ശൂട്ട് ചെയ്തു പക്ഷേ ആ പിശാശിനെ മേലെ തട്ടാതെ മാറി പോയി ഇതും കൂട്ടി 1410-മത്തെ തവണയാണ് മറിപോകുന്നത് അങ്ങനെ അടുത്ത ദിവസം ആ പിശാശ് ആ നാട്ടിൽ വന്നു ജോൺ തയറായി നിൽക്കുമ്പോൾ ഒരു പന്ത് അവിടെ വന്നു ജോൺ അങ്ങോട്ട് നോക്കി അപ്പോൾ ആ പിശാശ് ഓടിവന്നു ജോൺ അലറി വിളിച്ചു അപ്പോൾ ആ
പിശാശ്

ആ പിശാശ് ജോണിനെ നോക്കി അവിടെ നിന്നു ജോൺ ഇത്തവണ മാറാതെ ഉന്നം പിടിച്ച് ആ പിശാശിൻെറ തലക്കു തന്നെ പേടിച്ചു അങ്ങനെ ആ നാട് സന്തോഷത്തോടെ ജീവിക്കുന്നു ജോണിന് ധീരൻ എന്ന പതവിയും കിട്ടി

ഗൗതം കൃഷ്ണ 7 D



# സ്വർണ്ണ ചെമ്പകം

ഇന്നു നീ എൻകൈകളിൽ നിറഞ്ഞൊരീ
സുവർണ്ണ സുഗന്ധനൈർമല്യം
എന്നിലുണർത്തിയോ ഓർമ്മതൻ നനുത്ത
തണുവാർന്ന മൃദുല സ്പന്ദനങ്ങൾ
കാടിന്റെവന്യത,മഞ്ഞിന്റെ വശ്യത
ഗൃഹാതുരത്വത്തിന്റ  വിങ്ങുന്ന നീറ്റൽ
പിന്നെ കൗമാരവർണ്ണങ്ങൾ ചാലിച്ചൊരുക്കിയ
ചിറകുകൾ വീശിയ ആകാശ നീലിമ
സൗഹൃദത്തിനപ്പുറം സമാനതകളില്ലാത്ത
ജന്മജന്മാന്തരബന്ധത്തിൻ ഏടുകൾ
അവ ഓരോന്നിലും കണ്ടു സ്വപ്നങ്ങൾ,മോഹങ്ങൾ
വിങ്ങുന്ന നോവുകൾ,കണ്ണിർകണങ്ങൾ,ഏകാന്തത,
പറയുവാൻ അറിയാത്ത മറ്റെന്തൊക്കെയോ
നാടിൻ അഭിമാനം,വീടിൻ പ്രതീക്ഷ നാം
അങ്ങനെ വിദ്യാലയത്തിന്റെ നവോദയങ്ങളായി
വിരസമാം ചട്ടങ്ങൾ ജീവിത ചിട്ടകളാക്കി
അന്നത്തെ ഏതോ മനംമടുപ്പിക്കും പകലിൽ,
നീയും ഞാനും ആ ചെമ്പകമരത്തിൻ ചുവട്ടിൽ
ആദ്യമായ് ഞാനാ സുവർണ്ണ സുന്ദര
സുഗന്ധമോലുംപൂക്കൾ കണ്ടു...
കാലമെത്ര കഴിഞ്ഞാലും
നിന്നൊർമകൾക്ക് ചെമ്പകപ്പൂവിൻ ഗന്ധം
ആ സുവർണ്ണ പീത വർണ്ണം

ആഷാമോൾ ബേബിരാജ്



# നാൻസിയുടെ ആഗ്രഹം

ഒരു ഗ്രാമത്തിൽ അനാഥാലയം ഉണ്ട്. അത്
മൂന്ന്ഗ്രാമത്തിൻനിടയില്ലായിരുന്നു. ഒരോറ്റ അനാഥാലയം
ആയതുക്കോണ്ട് അവിടെ കുറച്ചധികം കുട്ടികൾ
ഉണ്ടായിരുന്നു.ഒരു ദിവസം ഒരാൾ
കൈയിൽകുഞ്ഞുമായിവന്ന് അയൾ അവിടത്തെ കുട്ടികളെ
നോക്കുന്ന ഒരു ചേച്ചിയെ വിളിച്ച്
കുഞ്ഞിനെകൊടുകൻപോയപ്പോൾ ആ ചേച്ചി ചോദിച്ചു.
നിങ്ങൾക്ക് നോകിക്കൂടെ എന്ന് ചോതിച്ചു. അയൾ പറഞ്ഞു
എനിക്ക് കുഞ്ഞിനെ കിട്ടിയിട്ട് എന്റെ ഭാര്യടെടുത്ത്
കുട്ടിയുടെ അമ്മയും അച്ഛനും വാഹനാപകടതിൽ
മരിച്ചുപോയി എന്നുപറഞ്ഞി
ട്ടുപോലും കേട്ടില്ല അതുകൊണ്ടാണ് ഞാൻയിവിടെ
കുഞ്ഞിനെ കൊണ്ടുവന്നത്. പിന്നിട് കുഞ്ഞിന്നെവാങ്ങി
അവൾക്ക് നാൻസിഎന്ന പേരിട്ട് അവളെ വളർത്തി
നാലഞ്ച് വയസ്സ് മുതൽ എല്ലാ കൃസ്മസിനും അവൾ
12മണിവരെ കൃസ്മസ്അപ്പൂപ്പനെ നോക്കിയിരിക്കും.
കുറച്ചുവർഷൾക്ക് പന്ത്രണ്ടാം വയസ്സിൽ എപ്പോഴത്തെയും
പോലെ ആകാശത്തേക്ക് നോക്കിയിരിക്കുമ്പോൾ അവൾ
ഉറങ്ങിപ്പോയി അവളുടെ സ്വപ്നത്തിൽ കൃസ്മസ്അപ്പൂപ്പൻ
നിറയെ കുതിരകളുള്ള വണ്ടിയിൽ അവളുടെ അടുത്ത്
വന്നിറങ്ങി . അവളുടെ സമ്മാനപൊതി കൊടുത്തു
നാൻസിക്ക് വളരെ സന്തോഷമായി. ക്രിസ്മസ്അപ്പൂപ്പൻ
പറഞ്ഞു എന്നെ സഹായിക്കാൻ വരുന്നോ നമുക്ക് വെറെ
വണ്ടിയിൽ പോക്കാം ഞാൻ ആരാണെന്ന് ആർക്കും

അറിയെണ്ട ക്രിസ്മസ്അപ്പൂപ്പൻ വന്ന വണ്ടിയെ ഒരു ബൈകാക്കിമാറ്റി. അവർ ആ വണ്ടിൽ എല്ലാവർക്കും സമ്മാനപൊതി കൊടുത്തു നാൻസിയുടെ സ്ഥലത്ത് കൊണ്ട് വിട്ട് നാൻസിയോട് ക്രിസ്മസ്അപ്പൂപ്പൻ നിനക്ക് എന്തെങ്കിലും ആഗ്രഹം ഉണ്ടെങ്കിൽ എന്നേട് പറഞ്ഞൽ ആ ആഗ്രഹം സാധിച്ചുതരാം. നാൻസി പറഞ്ഞു എനിക്ക് എന്റെ അച്ഛന്റെയും അമ്മയുടെയും കൂടെ ഒരു ദിവസം ജീവിക്കണം. ക്രിസ്മസ്അപ്പൂപ്പൻ പറഞ്ഞു മരിച്ചയാളുടെകൂടെ ഒരു ദിവസം ജീവിചാൽ നീ ഈ ഉറക്കത്തിൽതനെ മരിച്ചു പോക്കും. എനിക്ക് കുഴപ്പമില്ല എന്റെ ആഗ്രഹം സാധിച്ചു തരണം. അവളുടെ അവസാനത്തെ സ്വപ്നവും കണ്ട് അവൾ അങ്ങനെ അച്ഛന്റെയും അമ്മയുടെകൂടെ സ്വർഗത്തിലേക്കുപോയി. അങ്ങനെ അവളുടെ അഗ്രഹം സാധിച്ചു.

ആദിത്യ



# <u>പുളി</u>

തുലാം മാസത്തിലാണ് പുളിമരം പൂവിടുന്നത്.
മകരമാകുമ്പോൾ പുളി പറിക്കും.
അതിനിടയിൽ പുട്ടാൻ പറിച്ച് തിന്നും ഹൊ
പറയുമ്പോൾ തന്നെ വായിൽ വെള്ളമൂറുന്നു..
മകരമാകു  മ്പോൾ
കള്ളപ്പനി
നടിച്ച്
സ്ക്രൂളിൽ നിന്നവധി
എടുക്കും, എന്നിട്ട്
പുളി മുത്തശ്ശിയോടൊപ്പം പുളി
തല്ലുകയും,തിന്നുകയും ചെയ്യും. പുളിങ്കുരുവിനേയും
വെറുതെ വിടില്ല
വറുത്തുതിന്നും, തൊണ്ട് കൈയ്യിലെ എല്ലിൽവച്ച്
പൊട്ടിക്കും നല്ല വേദനയായിരിക്കും...
പുളി ഒണക്കികഴിഞ്ഞാൽ കല്ലുപ്പിട്ട്
(കേടുവരാതിരിക്കാൻ) മൺക്കലത്തിലിട്ട് എടുത്തു
വെക്കും .
ഇടക്കിടെ തക്കം പാത്ത് പുളി കഴിക്കും അമ്മ
കണ്ടുപിടിക്കും
വരെ..... എന്തു ഭംഗിയാണീ ഓർമ്മകൾക്ക്....

- അതുൽ കൃഷ്ണ -പി

# അമ്മ

**അ**റിയാത്തതെന്തെന്നു
ചൊല്ലിത്തന്നൊരു
അറിവിന്റെ നിറമാണ്
അറിവിനെയെന്നും
കൈപിടിച്ചുയർത്തുന്നതീയമ്മ
എന്നെയെന്നും താരാട്ടുപാടി ഉറക്കുന്നതമ്മ
എന്നുമെന്റെ അരികിലാണമ്മ

- വീണമോൾ

## എന്റെ പൊന്നു മാവേലി




മാവേലി തമ്പുരാൻ വരവായല്ലോ
തിരുവോണം നാളിത് പൊന്നോണം
കുമ്പ കുലുക്കി വരുന്നതു കണ്ടോ
കൂടെ ഒരോല കുടയും കൂട്ടി
നല്ലാഭരണങ്ങൾ ചൂടിട്ട്
വേഷാതിഭൂഷാതിയെല്ലാമുണ്ടേ
പാതാളത്തിൽ നിന്നുവന്നുവല്ലോ
നാട്ടു ചുറ്റാനായ് വന്നുവല്ലോ
കോടിയുടുത്തൊന്നു കാത്തിരിക്കേണ്ട?
ഓണസദ്യ വിളമ്പി നൽകേണ്ടേ?
മാവേലി തമ്പുരാൻ വന്നുവല്ലോ
നാടിനുസന്തോഷം നൽകിയല്ലോ

-അൻവിക 6D

# സുന്ദരമായ കാലങ്ങൾ

സുന്ദരമായ ലോകത്ത് കാലങ്ങൾ പലതുണ്ടേ
വേനൽക്കാലം വസന്തകാലം ഹേമന്തകാലം മഴക്കാലം
വേനൽക്കാലം വന്നെന്നാൽ
മാമ്പഴമൊത്തിരി തിന്നാലോ
മുല്ലപ്പൂക്കൾ പറിക്കാലോ
ഓടിച്ചാടി നടക്കാലോ
മഴക്കാലം വന്നെന്നാൽ
കടയാണെന്റെ കൂട്ടുകാരി
തവളക്കുട്ടന്റെ പാട്ടുകേട്ട്
മയിലാടുന്ന പാടത്ത്
തോടുകളെല്ലാം നിറഞ്ഞൊഴുകി
തോണികളെല്ലാം നിരനിരയായ്
വസന്തകാലം വന്നെന്നാൽ
അവിടെയും ഇവിടെയും ചെറുപൂക്കൾ
അങ്ങും ഇങ്ങും പൂമണങ്ങൾ
എനിക്കേറെയിഷ്ടം വസന്തകാലം
ഹേമന്തകാലം വന്നെന്നാൽ
പുൽത്തകിടെല്ലാം തുഷാരബിന്ദു
പൂക്കളിലെല്ലാം തേൻകണങ്ങൾ
പൂവിനെച്ചുറ്റും പൂമ്പാറ്റകൾ
ഹായ് എത്ര സുന്ദരികാലം

- അൻവിക 5D



# ബിറ്റിഎസ്

ഏഴ് അംഗങ്ങളുള്ള ഒരു ദക്ഷിണ കൊറിയൻ സംഗീത സംഘമാണ് ബി.ടി.എസ് അല്ലെങ്കിൽ ബാങ്ടാൻ ബോയ്സ്. ബിഗ് ഹിറ്റ് എന്റർടെയ്ൻമെന്റിനു കീഴിൽ 2010-ൽ രൂപീകരിച്ച് 2013-ൽ അരങ്ങേറ്റം കുറിച്ച ഈ സംഘത്തിൽ ആർ.എം, ജിൻ, സുഗ, ജെ-ഹോപ്പ്, ജിമിൻ, വി, ജങ്കുക്ക് എന്നീ അംഗങ്ങൾ ആണുള്ളത്.ലോകത്തിലെ ഏറ്റവും വലിയ സംഗീത ബാൻഡ് എന്ന് വിശേഷിപ്പിക്കുന്ന ദക്ഷിണ കൊറിയൻ ഗ്രൂപ്പ് ബി.ടി.എസ്, കേരളത്തിലെ കൗമാരക്കാരുടെയും ചെറുപ്പക്കാരുടെയും പ്രിയപ്പെട്ട മ്യൂസിക് ഗ്രൂപ്പാണ്. ആരാണ് ഈ ബി.ടി.എസ്, എന്താണ് അവരുടെ ആർമി?

കൊറിയൻ പോപ് (കെ-പോപ്) ബാൻഡായ ബി.ടി.എസ് ലോകം മുഴുവൻ ആരാധകരുള്ള ഏഴ് പേരുടെ സംഘമാണ്. 2020 ഓഗസ്റ്റിൽ ബാൻഡ് റിലീസ് ചെയ്ത സിംഗിൾ 'ഡൈനമൈറ്റ്' പൂർണമായും ഇംഗ്ലീഷിൽ ആയിരുന്നു. യു.എസ് സംഗീത ചാർട്ട് ബിൽബോർഡ് ഹോട്ട് 100ൽ ഡൈനമൈറ്റ് ഒന്നാമത് എത്തി. 2021 മെയ് മാസം റിലീസ് ചെയ്ത 'ബട്ടർ' എന്ന പാട്ടിലൂടെ ഇതേ നേട്ടം ബി.ടി.എസ് വീണ്ടും ആവർത്തിച്ചു. -- ബിൽബോർഡ് വെബ്സൈറ്റ് പറയുന്നു.

കൊറിയൻ ഭാഷയിൽ മാത്രം പാടിയിരുന്ന ബി.ടി.എസ് പക്ഷേ, ലോകം മുഴുവൻ ആരാധകരെ, പ്രത്യേകിച്ചും കൗമാരക്കാരെയും യുവാക്കളെയും കൈയ്യിലെടുത്ത പ്രതിഭാസമാണ്. ഏകദേശം 4 കോടി ആരാധകർ ബി.ടി.എസിന് ഉണ്ടെന്നാണ് യു.എസ് മാസിക ടൈം വിലയിരുത്തുന്നത്. 2019ൽ നടന്ന ഒരു സർവേ അനുസിച്ച് കൊറിയയിൽ മാത്രമുള്ള ബി.ടി.എസ് ആരാധരിൽ 60% പത്തിനും 29 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ് -- സ്റ്റാറ്റിസ്റ്റ റിപ്പോർട്ട് പറയുന്നു.

"സോഷ്യൽമീഡിയയിൽ BTS വൻ തരംഗമാണ്. ഒരു സംശയവും വേണ്ട, ഇൻസ്റ്റഗ്രം നോക്കിക്കഴിഞ്ഞാൽ റീൽസിലൊക്കെ പലരും ഡാൻസ് കളിക്കുന്നത് BTS സോങ്സിനാണ്. പിന്നെ ബി.ടി.എസ് തന്നെ യൂട്യൂബിൽ കളിച്ച ഡാൻസ് പോസ്റ്റ് ചെയ്യണം എന്ന് പറഞ്ഞ്

ചലഞ്ചുകൾ നടത്താറുണ്ട്. അതിലൊന്നാണ് ഈ അടുത്ത് അവർ ഷോട്ട്സ് വഴി ഡാൻസ് ഇടാൻ പറഞ്ഞത്. അവരുടെ പാട്ട് തന്നെയായ 'പെർമിഷൻ ടു ഡാൻസ്' പുറത്തിറക്കിയ സമയത്തായിരുന്നു ആ ചലഞ്ച്. സത്യം പറഞ്ഞാൽ പുതിയ പോസ്റ്റുകൾ വരാൻ വേണ്ടി കാത്തിരിക്കുകയാണ്."

കെ-പോപ് മേഖലയിലെ വമ്പൻ റെക്കോഡ് ലേബൽ ജെ.വൈ.പിയിലെ സംഗീതജ്ഞനായിരുന്ന ബാങ് സി ഹ്യുക് ആണ് ബി.ടി.എസിന് പിന്നിൽ. 2010ൽ ആണ് ബാൻഡ് തുടങ്ങുന്നത്. ബിഗ് ഹിറ്റ് എൻറർടെയ്ൻമെൻറ് എന്നായിരുന്നു ലേബലിൻറെ പേര്. 2013ൽ ആദ്യ പാട്ട് പുറത്തിറങ്ങി. -- ഇൻസൈഡർ വെബ്സൈറ്റ് വിശദീകരിക്കുന്നു

ആഷാമോൾ ബേബിരാജ്.



# കൽപ്പന ചൗള

ബഹിരാകാശ യാത്ര നടത്തിയ ആദ്യ ഇന്ത്യൻ വംശജയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

ബഹിരാകാശ സഞ്ചാരിയായ കൽപന ചൗളയുടെ ജീവിതത്തിലെ ചില പ്രധാന വസ്തുതകൾ അറിയാം

ബഹിരാകാശ യാത്ര നടത്തിയ ഇന്ത്യൻ വംശജയായ ആദ്യ വനിതയും ഇന്ത്യൻ-അമേരിക്കൻ ബഹിരാകാശ സഞ്ചാരിയുമായ കൽപന ചൗള. 1962 മാർച്ച് 17 ന് ഹരിയാനയിലെ കർണാലിൽ ആണ് കൽപന ജനിച്ചത്. ബഹിരാകാശ യാത്ര ആദ്യ ഇന്ത്യൻ വനിതയാണ് കൽപന ചൗള. പഞ്ചാബ് എഞ്ചിനീയറിംഗ് കോളേജിൽ എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് പഠിച്ച ആദ്യ വനിതയും കൽപന ചൗളയാണ്. ബിരുദം നേടിയ ശേഷം കൽപ്പന, ബിരുദാനന്തര ബിരുദം നേടുന്നതിനായാണ്

അമേരിക്കയിലേക്ക് (America) പോയത്. "നിങ്ങളുടെ സ്വപ്നങ്ങൾ പിന്തുടരുക" എന്നതായിരുന്ന കൽപ്പന ചൌള തന്റെ ജീവിതത്തിൽ പിന്തുടർന്നിരുന്ന ആപ്ത വാക്യം.

കുട്ടിക്കാലത്ത് വിമാന യാത്ര നടത്താൻ ഇഷ്ടപ്പെട്ടിരുന്ന കൽപ്പന ചൗള തന്റെ പിതാവിനൊപ്പം പതിവായി പ്രാദേശിക ഫ്ലയിംഗ് ക്ലബ്ബുകൾ സന്ദർശിക്കുകയും വിമാനങ്ങൾ കാണാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കൽപന ചൗള തന്റെ രണ്ടാം ബിരുദാനന്തര ബിരുദവും പിഎച്ച്ഡിയും പൂർത്തിയാക്കിയ ശേഷം 1988 മുതലാണ് നാസയിൽ ജോലിയിൽ പ്രവേശിച്ചത്.

ബഹിരാകാശ സഞ്ചാരിയായ കൽപന ചൗളയുടെ ജന്മവാർഷികദിനത്തിൽ അവരുടെ ജീവിതത്തിലെ ചില പ്രധാന വസ്തുതകൾ അറിയാം:

1. ജീവിതത്തിൽ രണ്ടുതവണ ബഹിരാകാശത്തേക്ക് പോകാൻ അവസരം ലഭിച്ച ആദ്യ ഇന്ത്യൻ വനിതയാണ് കൽപ്പന ചൗള

2. കൽപന ചൗളയുടെ ആദ്യ ബഹിരാകാശ യാത്ര 1997-ൽ കൊളംബിയ സ്പേസ് ഷട്ടിലിൽ ആയിരുന്നു. ആ ദൗത്യത്തിൽ അവർ മിഷൻ സ്പെഷ്യലിസ്റ്റായും പ്രൈമറി റോബോട്ടിക് ആം ഓപ്പറേറ്ററായുമായിട്ടായിരുന്നു പ്രവർത്തിച്ചത്.

3. കൽപന ചൗളയുടെ ബഹിരാകാശത്തേക്കുള്ള രണ്ടാമത്തെയും അവസാനത്തെയും യാത്ര എസ്ടിഎസ് 107ലായിരുന്നു. ആ പേടകം തിരികെ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് മടങ്ങുമ്പോൾ കത്തിയമരുകയായിരുന്നു.

4. എസ്ടിഎസ്107 ന്റെ ദൗർഭാഗ്യകരമായ അപകടത്തിൽ കൽപന ചൗളയും മറ്റ് ആറ് ക്രൂ അംഗങ്ങളും മരണമടഞ്ഞു. അതിനെ തുടർന്ന് ബഹിരാകാശവാഹനമായ കൊളംബിയയുടെ ദൗത്യം വർഷങ്ങളോളം നിർത്തിവച്ചിരുന്നു.

5. ആദ്യ ദൗത്യത്തിൽ കൽപന ചൗള ഇന്ത്യൻ പ്രധാനമന്ത്രി ഐ കെ ഗുജ്റാളുമായി സംസാരിക്കുകയും ബഹിരാകാശത്ത് നിന്ന് പകർത്തിയ ഹിമാലയത്തിന്റെ ചിത്രങ്ങൾ കാണിക്കുകയും ചെയ്തിരുന്നു.

6. മരണാനന്തരം, കൽപന ചൗളയുടെ സംഭാവനകൾക്ക് ഇന്ത്യൻ സർക്കാരും യുഎസ് സർക്കാരും നിരവധി മെഡലുകളും അവാർഡുകളും അംഗീകാരവും നൽകിയിരുന്നു.

7. 2003 ഫെബ്രുവരിയിലാണ് കൽപന ചൗള മരണമടയുന്നത്. 1983ലാണ് അവർ തന്റെ ജീവിത പങ്കാളി ജീൻ പിയറി ഹാരിസണിനെ വിവാഹം കഴിച്ചത്. കൽപനയുടെ മരണം വരെ (20 വർഷം) ആ ബന്ധം തുടർന്നി രുന്നു



അതുൽ കൃഷ്ണ8 C&മേഘ വി

9A

# മിസ്റ്റർ കീടാണു

സ്കൂളിൽ നിന്നും വീട്ടിലേക്ക് നടന്നുപോവുകയായിരുന്നു കുട്ടു.വഴിയരികിലെ കീടാണു ഇരിപ്പുണ്ടായിരുന്നു. 'ഇവന് അസുഖം വരുത്താൻ എന്താണൊരു വഴി?' കൂടാണു ആലോചനയായി.പെട്ടെന്ന് കുട്ടു അറിയാതെ ചെളിവെള്ളത്തിൽ ചവിട്ടി.ഉടനെ കീടാണു ഷൂവിലേക്ക് ഒററച്ചാട്ടം. "പ്ധക്ക് ..!" കുട്ടു വീട്ടിലേക്ക് കയറാൻ തുടങ്ങിയതും അമ്മ പരഞ്ഞു "ഷൂസിൽ നിറയെ ചെളിയാണല്ലോ,ഊരിയിട്ടിട്ട് കയറിയാൽ മതി".കുട്ടു ഉടനെ ഷൂസ് ഊരി പുറത്തു വച്ചിട്ട് അകത്തേക്കു കയറി.അതോടെ കീടാണു നാണിച്ചുപോയി.കുറച്ചുകഴിഞ്ഞതും കുട്ടു അടുത്ത വീട്ടിലെ അച്ചുവുമായി മുററത്തു പന്തു തട്ടി കളിക്കാൻ തുടങ്ങി. "ഹായി ഹായി!" ദ്വേശ്യം വന്ന കീടാണു അവിടെ നിന്നും സ്ഥലം വിട്ടു.

-അശ്വതി സതീഷ്കുമാർ 4B

## പാവപ്പെട്ട കർഷകനും ധനികരായ മക്കളും

പണ്ട് ഒരിത്തൽ പാവപ്പെട്ട കർഷകനും ധനികരായ മക്കളും ഉണ്ടായിരുന്നു.ആ മക്കളുടെ അമ്മ പണ്ടേ നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നു.അതിനാൽ തന്നെ ഇവരെ നോക്കുന്നത് ഇ കരഷകനായ അച്ഛനായിരുന്നു.അച്ഛൻ അതിരാവിലെ എണീറ്റ് ജോലിമുഴുവനും ചെയ്ത് ഭക്ഷണം ഉണ്ടാക്കി കുട്ടികൾക്ക് ഉള്ള ഭക്ഷണം എടുത്ത് വച്ച് അദ്ധേഹം ജോലിക്ക് പോവും.ഒരു ആണും ഒരു പെണ്ണും ആയിരുന്നു അദ്ദേഹത്തിന്റെ മക്കൾ.എന്നാൽ മക്കൾ രാവിലെ എണീറ്റ് അച്ഛൻ എടുത്തു വച്ചിട്ടുള്ള ഭക്ഷണം ഒന്നും കഴിക്കാതെ അച്ഛൻ സമ്പാദിച്ച വെക്കുന്ന പണം കട്ടെടുത്ത് ദിവസവും ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചിട്ട് വരും.അങ്ങനെ അച്ഛൻ  ദിവസവും

പണം നോക്കുമ്പോൾ അതിൽ പണം കുറഞ്ഞതുപോലെ തോന്നും.അച്ഛൻ മക്കളോട് ചോദിച്ചെങ്കിലും മക്കൾ ഞങ്ങൾക്ക് അറിയില്ല എന്നു പറയും.അങ്ങനെ ഇത് തുടർന്ന്കൊണ്ടിരിക്കെ മക്കൾക്ക് അസുഖം ബാധിച്ച് വീട്ടിലിരിക്കാൻ തുടങ്ങി.അച്ഛന്റെ കൈയ്യിലാണെങ്കിൽ പണവും തീർന്നു.അച്ഛന് ഒരു എത്തും പിടിയും കിട്ടുന്നില്ല.അങ്ങനെ ഒരു ദിവസം മക്കൾ രണ്ടുപേരും കൂടി ചേർന്ന് ഈ പണം ഞങ്ങളാണ് എടുത്തതെന്നും,ഞങ്ങളോട് ക്ഷമിക്കണമെന്നും,പറഞ്ഞു.മക്കൾ ഹോട്ടലിൽ പോയി .കഴിച്ചിട്ടുള്ള പൈസയുടെ ബാക്കി അച്ഛന് നൽകുകയും ചെയ്തു.അച്ഛൻ എത്രയും പെട്ടെന്ന് മരുന്ന് വാങ്ങി മക്കൾക്ക് നൽകി.നക്കളോട് ഒരിക്കലും അങ്ങനെ ചെയ്യരുതെന്നും,അത്യാവശ്യവാണെങ്കിൽ ചോദിച്ചിട്ട് എടുക്കണമെന്നും അദ്ദേഹം പറഞ്ഞു.പിന്നെ ഒരിക്കലും മക്കൾ ഇങ്ങനെ അഹങ്കാരിയായി ജീവിച്ചിട്ടില്ല.പിന്നീട് അവർ എല്ലാവരും കൂടി സന്തോഷത്തോടെ ജീവിച്ചു...!

-നിഹാല.എ.ടി

7A

# കുറുക്കനും കാക്കയും ആമയും

കുറുക്കനും കാക്കയും ഒരു ദിവസം കുളത്തിൽ വെള്ളം കുടിക്കാൻ പോയപ്പോൾ ഒരു ആമ വലയിൽ പെട്ടുകിടക്കുന്നത് കണ്ടു.കുറുക്കനും കാക്കയും അതിനെ വലയിൽനിന്ന് രക്ഷിച്ചു.ആമ വളരെ നന്ദി എന്ന് പറഞ്ഞു.കുറുക്കനും കാക്കയും ആമയെ രക്ഷപ്പെടുത്തിയതിന് വളരെ സന്തോഷപ്പെട്ടു.നമ്മൾ പുണ്യമാണ് ചെയ്തിട്ടുള്ളത് എന്നും,ഇതുപോലെ കൂടുതൽ പുണ്യം ചെയ്യണമെന്നും കുറുക്കനും കാക്കയും തമ്മിൽ സംസാരിച്ചു.

-

അഭിനന്ദന ബി 5D

# വസന്തകാലം

ഒരു വലിയ ഗ്രാമത്തിൽ പാവപ്പെട്ട കർഷകൻ ഉണ്ടായിരുന്നു.ആ കർഷകന് നിറയെ പൂന്തോട്ടം ഉണ്ടായിരുന്നു.അതിൽ ആ കർഷകൻ നിരവധി പൂച്ചെടികൾ വെച്ചുപിടിപ്പിച്ചു.ആ പൂന്തോട്ടത്തിൽ നിരവധി പൂമ്പാറ്റകൾ വന്നിരിക്കാറുണ്ട്.അതുകണ്ട് ആ കർഷകൻ വളരെ സന്തോഷപ്പെടും.ആ കർഷകൻ പൂമ്പാറ്റകൾ പൂക്കളിൽ തേൻ നുകരുന്ന ഭംഗി കണ്ട് ആസ്വദിച്ചിരിക്കും.ആ കർഷകൻ അവിടെയുള്ള മരങ്ങളിൽ വളരുന്ന പഴങ്ങൾ പറിച്ച് വിക്കാറുണ്ട്.അതിൽ നിന്ന് ലഭിക്കുന്ന പണം വെച്ചാണ് ആ കർഷകൻ സാധനങ്ങൾ വാങ്ങുന്നത്.ആ കർഷകൻ വളരെ പാവപ്പെട്ട മനുഷ്യനായിരുന്നു.കുറച്ചു വർഷം കഴിഞ്ഞതും ആ കർഷകൻ വളരെ പാവപ്പെട്ട് ഒരു വൃദ്ധനായി.ആ കർഷകനെ ആരും ഇപ്പോൾ ശ്രദ്ധിക്കില്ല.ആ കർഷകൻ ഒരു ഭിക്ഷക്കാരനേപ്പോലെയാണ് ഇപ്പോൾ ജീവിക്കുന്നത്.അങ്ങനെ ആ മനുഷ്യന് വളരെ അധികം സങ്കടം തോന്നി........

- അഞ്ചന കൃഷ്ണ .കെ
5D

# കുറുക്കനും ആമയും കരടിയും

കുറുക്കനും ആമയും നല്ലൊരു സുഹൃത്തുകളായിരുന്നു.ഒരു ദിവസം രണ്ടു പേരും കണ്ടുമുട്ടിയപ്പോൾ കുറുക്കൻ ആമയെ നോക്കി 'നാളെ എന്റെ വീട്ടിൽ വാ,നമുക്ക് ഒരുമിച്ച് ഭക്ഷണം കഴിക്കാം എന്ന് പറഞ്ഞു'.അത് കേട്ടിരുന്ന കരടി ആമയെ കഴിക്കാൻ കൊക്കിന്റെ വേഷമിട്ട് അവരുടെ വീട്ടിൽ പോവാൻ തീരുമാനിച്ചു.രാത്രി ആയപ്പോൾ എല്ലാ മൃഗങ്ങളും ഉറങ്ങി.പക്ഷെ,കരടി മാത്രം ഉറങ്ങിയില്ല.രാവിലെയായപ്പോൾ കുറുക്കൻ ആമയ്ക്ക് വേണ്ടി ഭക്ഷണം ഉണ്ടാക്കിക്കൊണ്ടിരുന്നു.ആമ വന്നു.പിന്നാലെ കരടിയും കോക്കിന്റെ വേഷത്തിൽ വന്നു.ആമ ഉള്ളിൽ കയറിയതും കരടി വാതിൽ തട്ടി.കുറുക്കൻ വാതിൽ തുറന്നപ്പോൾ കരടി ഓടിയൊളിഞ്ഞു.അത് വെളിയിൽ വന്ന് നോക്കിയപ്പോൾ ആരെയും കണ്ടില്ല.ആ നേരം കരടി ഉള്ളിൽ പോയി ആമയെ ചാക്കിലിട്ട് കൊണ്ടുപോയി.ആ നേരം കുറുക്കൻ വന്നപ്പോൾ കരടി ചാക്കിനെ താഴെയിട്ട് ഓടി.അപ്പോൾ കുറുക്കൻ ആ ചാക്കൽനിന്ന് ആമയെ പുറത്തെടുത്തു.തേനീച്ച കൂടിനടുത്ത് ചാക്ക് വെച്ച്

ആമയും കുറുക്കനും ഒളിഞ്ഞിരുന്നു.കരടി ചാക്കിനെ എടുക്കാൻ വന്നപ്പോൾ അതിനെ തേനീച്ചകൾ മുട്ടക്കി.കരടിയുടെ കഥ കഴിഞ്ഞു.അങ്ങനെ കുറുക്കനും ആമയും സന്തോഷത്തോടെ ജീവിച്ചു.

- സഞ്ജുക്ത എസ്
5D

# സ്നേഹമുള്ള രാക്ഷസൻ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഭീമൻ എന്നൊരു പാവപ്പെട്ട രാക്ഷസ്സൻ ഉണ്ടായിരുന്നു.അവൻ ഒരു പാവമാണെന്ന് നാട്ടുകാർക്ക് അറിയില്ലായിരുന്നു.അവിടെ ഒരു ചെറിയ കളിക്കളത്തിൽ കുറച്ച് കുട്ടികൾ പന്ത് തട്ടി കളിക്കുകയായുരിന്നിന്നു.കളിക്കുന്നതിനിടയിൽ പന്ത് കാട്ടിലേക്ക് പോയി.അതിനെ എടുക്കാനായി ഒരു കുട്ടി ആ കാട്ടിൽ പോയി.അവിടെ ആ ബീമൻ ഉറങ്ങുന്നുണ്ടായിരുന്നു.ആ കുട്ടി ഒരു പാമ്പിനെ കണ്ട് നിലവിളിച്ചു.അപ്പോൾ ആ ബീമൻ എഴുന്നേറ്റിട്ട് ആ പാമ്പിനെ എടുത്തെറിഞ്ഞു.അപ്പോൾതൊട്ട് ബീമനും ആ കുട്ടിയും കൂട്ടുകാരായി.

അവർ കളിക്കളത്തിലേക്ക് പോയി.അവിടെയുള്ള എല്ലാവരും പേടിച്ചു.ബീമന്റെ കൈയ്യിൽനിന്ന് ആ കുട്ടി ഇറങ്ങി.എല്ലാ കുട്ടികളും ബീമനെ തൊട്ടുനോക്കി.ബീമൻ അവരെ ഒന്നും ചെയ്യാത്തതുകൊണ്ട് അവർ എല്ലാവരും കൂട്ടുകാരായി.ഇത് നാട്ടുകാർ എല്ലാവരും അറിഞ്ഞു.

ആ കുട്ടികൾ രാക്ഷസനു വേണ്ടി ഭക്ഷണം കൊണ്ടുപോവാറുണ്ട്.അങ്ങനെ അവർ കളിച്ചും ചിരിച്ചും കടന്നുപോയി.ആ കാര്യം നാട്ടു തലവൻ അറിഞ്ഞു.കുട്ടികൾ കാര്യങ്ങൾ പറഞ്ഞതിനു ശേഷം ബീമൻ അവരിൽ ഒരുത്തനായി ജീവിച്ചു.അവിടെയുള്ള ബുദ്ധിമുട്ടുകളെല്ലാം ബീമൻ മാറ്റിക്കൊടുക്കും.അങ്ങനെ അവരുടെ ജീവിതം വളരെ സന്തോഷത്തോടുകൂടി കടന്നുപോയി...!

- ഗൗതം കൃഷ്ണ 7D



shutterstock.com · 1789951217

# കുറുക്കനും കാക്കയും ആമയും

കുറുക്കനും കാക്കയും ഒരു ദിവസം കുളത്തിൽ വെള്ളം കുടിക്കാൻ പോയപ്പോൾ ഒരു ആമ വലയിൽ പൊട്ടുകിടക്കുന്നത് കണ്ടു. കുറുക്കനും കാക്കയും അതിനെ വലയിൽ നിന്ന് രക്ഷിച്ചു.ആമ വളരെ നന്നി എന്ന് പറഞ്ഞു.കുറുക്കനും കാക്കയും ആമയെ രക്ഷപ്പെടുത്തിയതിന് വളരെ സന്തോഷപ്പെട്ടു.നമ്മൾ പുണ്യമാണ് ചെയ്യിട്ടുള്ളത് എന്നും നമ്മൾ ഇതുപോലെ കൂടുതൽ പുണ്യം ചെയ്യണം എന്നും കുറുക്കനും കാക്കയും തമ്മിൽ സംസാരിച്ചു.

-

അഭിനന്ദന ബി 5D

# എൻെറ സുന്ദരരാത്രിയുടെ ഭംഗി

നിലാവിൽ കുളിടച്ചുനിൽക്കുന്നരാത്രി
അങ്ങ് ദൂരെയുള്ള മാമരങ്ങൾ വളരെ
വ്യക്തമായിക്കാണാം തെളിഞ്ഞരാത്രി
ചാന്ദ്രൻ ആകാശത്ത് വെള്ളിത്തളികപോലെ
തിളങ്ങുന്നു.കണ്ണുമിഴിച്ചു നോക്കുന്ന
വെള്ളപ്പൂക്കളുടെ ഭംഗിയും മണവും ഒന്നുവേറെതന്നെ
അങ്ങ് ദൂരെ ഉയർന്നു നിൽക്കുന്ന മലമുടക്കുകളുടെ
ഭംഗി നിലാവെളിച്ചത്തിൽ കാണേണ്ടതുതന്നെ
നിലവിൽ ഒരു വെള്ളിയരഞ്ഞാണം പോലെ പുഴ.
നക്ഷത്രങ്ങൾ മുല്ലപ്പൂവാരിയെറിഞ്ഞിട്ടപോലെ
കണ്ണെടുക്കാതെ നോക്കി നിന്നപ്പോൾ മിന്നുന്ന ആ
നക്ഷത്രങ്ങൾ എന്തോ പറയുന്നപോലെ ചെറുകാറ്റിൽ
ആലോലമാടുന്ന ഇലകൾ രാത്രിയുടെ ഭംഗി കൂട്ടുന്നു.
സന്ധ്യ ആയാൽ എനിക്ക് പുറത്തിറങ്ങാൻ
പേടിയായിരുന്നു.
ഇന്ന് രാത്രി അച്ഛൻെറ കൂടെ ഞാൻ പുറത്തിറങ്ങി
രാത്രിയുടെ ഭംഗി പറഞ്ഞാലും പറഞ്ഞാലും തീരില്ല.

- നിഹാരിഹ.എൻ

6D

# പനിനീർച്ചെടി

ഹേ പുഷ്പമേ ആർനിനക്കേകി ഈ
മനം കവരും ഹ്രദയനിറം.
സങ്കടത്തിൽ ഞാൻ മുഴുകി നിൽക്കവേ നിന്നേ
കണ്ടാൽ ഞാൻ സാമോദം തുള്ളിച്ചാടും.
അതി പുലരിയിൽ മഞ്ഞുതുള്ളി കോണ്ട്
അലങ്കരിച്ച് സൂര്യപ്രകാശത്താൽ ചുവന്ന
വൈരക്കല്ലായി മാറുന്നു നീ.
മധുമാസം വന്നാൽ നിൻമണം മൻസിൽ,
കുളിർമയേകുന്നു.
പ്രേമത്തിനും സ്നേഹത്തിനും അലങ്കാരമാവുന്നു
നീ.
എന്റെയുള്ളിലെ സ്നേഹമായി പൂക്കുന്നു
നീ

-അജിഷ.എമ്  8:B

# ചിത്രശലഭം

തേൻ നുകരാൻ വരുന്നൊരു ചിത്രശലഭം
വർണ്ണച്ചിറകുമായി വരുന്നൊരു ചിത്രശലഭം
എങ്ങനെ കിട്ടി ഈ ഭംഗി നിനക്ക് ?
എങ്ങനെ കിട്ടി ഈ കഴിവ് നിനക്ക് ?
എന്റെ കൂട്ടുകാരിയായി നീ വരുമോ
എന്റെ വീട്ടിലെ വാടിയിലേക്ക്........?

-അഭിന ബി 5C

# പൂമ്പാറ്റ

**പൂമ്പാറ്റ പൂമ്പാറ്റ**
**സ്നേഹം നിറഞ്ഞൊരു പൂമ്പാറ്റ**
**പൂമ്പാറ്റ പൂമ്പാറ്റ**
**മുത്താണല്ലോ പൂമ്പാറ്റ**
**പൂമ്പാറ്റ തുള്ളിച്ചാടും**
**പൂമ്പാറ്റ തുള്ളിക്കളിക്കും**
**പൂമ്പാറ്റ**

**– അഭിന്യ**

**എസ് 5D**

# ബഹിരാകാശത്തിലേക്ക്

ബഹിരാകാശം എന്ന് പറയുന്നത് ഒരു വിശാലമായ സ്ഥലമാണ്.ബഹിരാകാശത്തിൽ ഭൂമി പോലുള്ള നിരവധി ഗ്രഹങ്ങളുണ്ട്.ഗ്രഹം എന്ന് പറയുന്നത് ഉപഗ്രഹം ഉള്ളവയും ഇല്ലാത്തവയുമുണ്ട്.ബഹിരാകാശത്തിൽ 8 ഗ്രഹങ്ങളാണ് ഉള്ളത്.ഭൂമിയുടെ ഉപഗ്രഹമെന്ന് പറയുന്നത് നമ്മുടെ സ്വന്തം അമ്പിളിമാമനായ തിങ്കളാണെന്ന് നമ്മൾ എല്ലാവർക്കും അറിയാവുന്നതാണ്.ബഹിരാകാശത്തിൽ നിരവധി കുള്ളൻനക്ഷത്രങ്ങളുമുണ്ട്.ബഹിരാകാശത്തിന്റെ വിരുന്നുകാരാണ് വാൾനക്ഷത്രങ്ങൾ.ഓരോ ഗ്രഹത്തിനും അതിനുള്ളതായ വഴികളുണ്ട്.ബഹിരാകാശത്തിൽ നാലമത്തെ ഗ്രഹമായ ചൊവ്വയ്ക്കും അഞ്ചാമത്തെ ഗ്രഹമായ വ്യാഴനും നടുവിൽ ഉൽക്കകളുണ്ട്.സൂര്യവംശത്തിൽ ഏറ്റവും വലിയ ഗ്രഹം വ്യാഴമാണ്.ഏറ്റവും ചെറിയ ഗ്രഹം  ബുധനുമാണ്.കാശത്തിൽ അദ്യം കാൽ കുത്തിയത് യൂറി ഗഗാറിൻ എന്ന റഷ്യൻ ബഹിരാകാശ സഞ്ചാരിയാണ്.ഇദ്ധേഹം 1961 april 12-ൽ വോസ്റ്റ്ത്തോക്ക് 1 എന്ന ലോകത്തിൽ ആദ്യ ബഹിരാകാശവാഹനത്തിലാണ് ബഹിരാകാശത്തിലെത്തിയത്.

-പ്രവേഷ്

എസ് 5D

# ചെടികളുടെ അത്ഭുതങ്ങൾ

ചെടികളില്ലാത്ത ലോകം നമുക്ക് അലോചിക്കാൻ കഴിയാത്തതാണ്.മനുഷ്യരുടെ ജീവിതത്തിൽ ചെടികൾക്കുള്ള പ്രാധാന്യം കൂടുതലാണ്.നമ്മുടെ കേരളത്തെ ഇത്രയും കൂടുതൽ ഭംഗിയാക്കുന്നതിൽ നിരവധി പങ്കുള്ളവയാണ് ചെടികൾ.നമ്മുടെ നിത്യജീവിതത്തിൽ ചെടികൾ നമ്മളെ സഹായിക്കുന്നത് കുറച്ചൊന്നുമല്ല.നമ്മുടെ ജീവിതത്തിലെ അത്ഭുതങ്ങളിലൊന്നാണ് ചെടികൾ.നമ്മുടെ കേരളത്തിന്റെ ഈ പച്ചപ്പ് എന്തു മനോഹരമാണ്.വാക്കുകൾ കൊണ്ടത് വിവരിക്കാൻ കഴിയില്ല.ചെടികളും പൂക്കളും പുഴകളും നമ്മുടെ നാട്ടിലെ മനുഷ്യരും ഈ കൊച്ചു കേരളത്തേ മനോഹരമാക്കുന്നു.ചെടികളെ പറ്റി പറഞ്ഞാൽ തീരില്ല....!

-നിവേദ്യ . വി

5D


**ജി എച് എസ് നന്ദിയോട് physical education teacher Prajitha ടീച്ചർ ഗോവ യിൽ നടന്ന games meet ൽ കേരളത്തെ പ്രതിനിധികരിച്ച ഫുട്ബോൾ ൽ gold മേഡലും കബഡി യിൽ silver മെഡലും കരസ്ഥസമാക്കി നാഷണൽ ചാമ്പ്യൻ ഷിപ് നേടി**














# നന്ദി

## ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് നന്ദിയോട്

